ഉത്തരം

(എ) അംബിപൊയ്ക എന്ന സ്ഥലത്ത് മൃഗാശുപത്രി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് അംബിപൊയ്ക വികസനവേദിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

88 (4127) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ സംസ്ഥാനത്താകെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ പി. എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകളിൽ ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സബ്സെന്ററുകളുടെ പ്രവർത്തനം എപ്രകാരം ക്രമീകരിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഒഴിവുകൾ എപ്പോൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 953 ഒഴിവുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 632 ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചു കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഏതാനും ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താൽക്കാലികക്കാർ തുടരുന്നുണ്ട്. ചില സബ്സെന്ററുകളിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് ഒഴിവുകളുള്ള മറ്റ് സബ്സെന്ററുകളിലെ അധിക ചുമതല കൂടി നൽകിയിട്ടുണ്ട്. ചില ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയും നിയമനം നടത്തിയിട്ടുണ്ട്.

(ഡി) 16-1-2002-ന് മുമ്പുള്ള ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനുശേഷം ഉണ്ടായ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[24-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 88 (4127)-ന്റെ ഉത്തരം ദയവായി കാണുക]

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ - ജില്ലതിരിച്ചുള്ള കണക്ക്

ജില്ല	ഒഴിവുകളുടെ എണ്ണം	പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തത്
തിരുവനന്തപുരം	39	36
കൊല്ലം	50	—
പത്തനംതിട്ട	135	120
ആലപ്പുഴ	10	3
കോട്ടയം	83	73
ഇടുക്കി	5	—
എറണാകുളം	54	36
തൃശ്ശൂർ	142	119
പാലക്കാട്	98	63
കോഴിക്കോട്	125	91
മലപ്പുറം	112	86
വയനാട്	19	—
കണ്ണൂർ	53	3
കാസർഗോഡ്	28	2
ആകെ	953	632

അനുബന്ധം X

[24-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 113 (4157)-ന്റെ ഉത്തരം ദയവായി കാണുക]

സ്പോർട്ട്സ് കൗൺസിൽ സംസ്ഥാനത്ത് 100 ഗ്രാമീണ കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

'സായിയും' സ്പോർട്ട്സ് കൗൺസിലും ചേർന്ന് വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി കാര്യവട്ടത്ത് ഒരു "സെന്റർ ഓഫ് എക്സലൻസ്" ആരംഭിക്കുവാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly